# കാരുണികൻ

Vol.18 No. 06 June 2021

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി
## സീറോ മലബാർ

# വചനബോധി
## സീറോമലബാർ



**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ


## ഉള്ളടക്കം


### ജൂലൈ 03 ___ ദുക്റാന
**Page :03**

● ഡോ. ആൻസൺ പാണേങ്ങാടൻ CMI

### ജൂലൈ 04 ___ ശ്ലീഹാ 7-ാം ഞായർ
**Page :06**

**ഏശ 5:8 – 20; ലൂക്കാ 13:22 – 30**

● ഡോ. മൈക്കിൾ കാരിമറ്റം
● ഫാ. മജോ മരോട്ടിക്കൽ

### ജൂലൈ 11___ കൈത്താ 1-ാം ഞായർ
**Page :13**

**അപ്പ 5:12 – 20; ലൂക്കാ 14:7 – 14**

● ഡോ. മൈക്കിൾ കാരിമറ്റം
● ഫാ. വിൻസന്റ് ഇടക്കരോട്ട് MCBS

### ജൂലൈ 18___ കൈത്താ 2-ാം ഞായർ
**Page :19**

**ഏശ 4:2 – 6; ലൂക്കാ 15:11 – 32**

● ഡോ. മാത്യു ഓലിക്കൽ MCBS
● ഡോ. ജേക്കബ് മുല്ലൂർ
● ഫാ. ജോസഫ് ആലഞ്ചേരിൽ

### ജൂലൈ 25___ കൈത്താ 3-ാം ഞായർ
**Page :25**

**ഏശ 5:1 – 7; യോഹ 9:1 – 12,35 – 38**

● ഡോ. മാത്യു ഓലിക്കൽ MCBS
● ഡോ. ഡേവിസ് പനക്കൽ CMI
● ഫാ. ബിബിൻ മറ്റപറമ്പിൽ

# ജൂലൈ 03
# ദുക്റാന

## പ്രസംഗം
## ഇരട്ടചങ്കൻ തോമാശ്ലീഹാ

അസാധാരണ ധൈര്യമുള്ളവൻ, എന്തിനും തുനിഞ്ഞിറങ്ങുന്ന വൻ, ചങ്കൂറ്റമുള്ളവൻ, കരളുറപ്പുള്ളവൻ അസാമാന്യഹൃദയമുള്ള വൻ എന്നൊക്കെയാണ് 'ഇരട്ടചങ്കൻ' എന്ന വാക്കിന് മലയാളഭാഷ നൽകുന്ന നിർവചനങ്ങൾ. പത്രോസ് ശിഷ്യഗണത്തിന്റെ നേതാവാ യിരുന്നുവെങ്കിൽ തോമസ് അവരുടെ മോട്ടിവേറ്ററായിരുന്നു. അതിലു പരി തോമാശ്ലീഹയ്ക്കു ചേരുന്നത് *ഇരട്ടചങ്കൻ* എന്ന വിശേഷണമാ ണ്. ലാസറിന്റെ മരണവാർത്തയറിഞ്ഞ് ബഥാനിയായിലേക്ക് പുറപ്പെ ടാനിരുന്ന യേശുവിനെ ശ്ലീഹന്മാർ തടയുന്നത് അവിടെയുള്ള ജനങ്ങ ൾ കല്ലെറിയാൻ സാധ്യതയുണ്ട് എന്ന് പറഞ്ഞാണ്. "നമുക്കും അവനോടുകൂടെ പോയി മരിക്കാം" (യോഹ 11 :16) എന്നുപറഞ്ഞ് ശിഷ്യന്മാരെ ബലപ്പെടുത്തുന്നത് തോമസിലെ ഇരട്ടചങ്കനാണ്. ഈ ശോ പിതാവിന്റെ ഭവനത്തിൽ സ്ഥലമൊരുക്കാൻ പോകുകയാണെ ന്ന് സ്നേഹിതന്മാരെ ഉദ്ബോധിപ്പിക്കുമ്പോൾ അതിന്റെ പൊരുളറി യാതിരുന്ന തന്റെ സഹപ്രവർത്തകർക്കുവേണ്ടി "കർത്താവേ, അങ്ങ് എവിടേക്കാണ് പോകുന്നതെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും"(യോഹ 14:5) എന്ന് ചോദിക്കുന്നത് തോമസിലെ ഇരട്ടചങ്കനാണ്. തിരുവുത്ഥാനത്തിനുശേഷം ശിഷ്യഗ ണത്തിന് പ്രത്യക്ഷപ്പെട്ട ഗുരുവിനെക്കുറിച്ച് തന്റെ പ്രിയപ്പെട്ടവരിൽ നിന്ന് കേട്ടപ്പോൾ "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരലിടുകയും അവന്റെ പാർ ശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസി ക്കുകയില്ല"(യോഹ 20:25) എന്ന അപാരധൈര്യത്തോടെ മറ്റു ശിഷ്യ ന്മാരെ ആശ്ചര്യപ്പെടുത്തുന്ന ചങ്കൂറ്റത്തോടെയുള്ള പ്രസ്താവന നട ത്തുന്നതും തോമസിലെ ഇരട്ടചങ്കനാണ്.

**പെരിയ മലയിലെ വിശ്വാസപ്രഖ്യാപനം:**

പലരും ഉത്ഥാനത്തെ വിശ്വസിക്കാത്ത സംശയരോഗിയായി തോമസിനെ മുദ്രകുത്തുന്നുണ്ടെങ്കിലും സത്യത്തിൽ ആ പദപ്രയോഗംതന്നെ ശിഷ്യനെ ആക്ഷേപിക്കലല്ലേ? വിശ്വാസത്തിന്റെ കാര്യത്തിൽ എത്രയോ ഉന്നതങ്ങളിലാണ് തോമസിന്റെ സ്ഥാനം. "എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ 20:28) എന്ന ഒരൊറ്റ വചനത്തിലുണ്ട് തോമസ് എന്ന ശിഷ്യനിലെ വിശ്വാസത്തിന്റെ ആഴം. ജനങ്ങളുടെ പാപങ്ങൾക്കുവേണ്ടി ജീവനർപ്പിച്ച, കുരിശിൽ കിടന്ന് 'പിതാവേ എല്ലാം പൂർത്തിയായിരിക്കുന്നു' എന്നു പറഞ്ഞ, തന്റെ ഗുരുവായ യേശുവിന്റെ പാർശ്വത്തിൽ തൊട്ട വിശ്വാസം തോമസിനെ ക്രിസ്തുവിനു വേണ്ടി മരിക്കുന്ന വിശ്വാസത്തിന്റെ പ്രേഷിതനാക്കുന്നുണ്ട്. അന്നത്തെ മദിരാശിയും ഇന്നത്തെ ചെന്നൈയും ചിന്നമല, *പെരിയമലൈ* എന്ന സ്ഥലങ്ങൾ യഥാക്രമം ലിറ്റിൽ മൗണ്ട്, സെന്റ് തോമസ് മൗണ്ട് സന്ദർശിക്കുകയാണെങ്കിൽ യഥാർത്ഥ ഗുരുശിഷ്യസമർപ്പണത്തിന്റെ ആർദ്രത മനസ്സിലാകും. ഈ സ്ഥലങ്ങൾ ഇന്നും ആയിരക്കണക്കിന് വിശ്വാസികൾക്ക് പ്രചോദനമായി നിലകൊള്ളു ന്നു. ഇവിടുത്തെ അത്ഭുത ഉറവയും രക്തം വിയർക്കുന്ന കുരിശും പാറമേൽ പതിഞ്ഞിട്ടുള്ള തോമാശ്ലീഹായുടെ പാദങ്ങളും പ്രാർത്ഥിക്കുമ്പോൾ ശത്രുക്കളാൽ കുത്തേറ്റ മലയിലെ ഗുഹയും തോമസിന്റെ ജീവൻ കൊടുത്തു ഗുരുവിനുവേണ്ടി നിലകൊണ്ട വിശ്വാസത്തിന്റെ നേർസാക്ഷ്യങ്ങളാണ്. കടുത്ത ആരാധനയോടെ മാത്രമേ ഈ ശിഷ്യന്റെ അന്ത്യനിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ച ഈ പുണ്യസ്ഥലങ്ങളിൽ തീർത്ഥാടനം ചെയ്യാനാകൂ. സ്വന്തം ജീവൻ കൊടുക്കുന്നതിലപ്പുറം എങ്ങനെയാണ് ഒരു ശിഷ്യന് ഗുരുവിനെ സ്നേഹിക്കാനാവുക? അതുകൊണ്ട് സുഹൃത്തേ, 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്നു വിളിക്കുന്ന, ജീവിക്കുന്ന, മരിക്കുന്ന വിശ്വാസത്തിന്റെ ഇരട്ടചങ്കൻ തലത്തിലേക്ക് വളരുക.

**പുനർവ്യാഖ്യാനം ചെയ്യപ്പെടേണ്ട വിശ്വാസപ്രഖ്യാപനങ്ങൾ**

കുഞ്ഞായിരുന്നപ്പോൾ നമുക്കുവേണ്ടി തലതൊട്ടപ്പനും തലതൊട്ടമ്മയും വിശ്വാസം ദൈവസന്നിധേ മാമ്മോദീസ പരികർമസമയത്ത് പ്രഖ്യാപിച്ചു. വേദഗ്രന്ഥത്തിൽ വലതുകരം തൊട്ടാണ് ഇന്നുമുതൽ മരണംവരെ എന്ന് വിവാഹവാഗ്ദാനം വിശ്വാസപ്രഖ്യാപനം ദമ്പതികൾ നടത്തിയത്. പിറക്കാൻ പോകുന്ന കുഞ്ഞുങ്ങൾക്കുവരെ വിശ്വാ

സപരിശീലനം നൽകാമെന്ന് വിവാഹവേളയിൽ ദമ്പതിമാർ പ്രഖ്യാപനം നടത്തുന്നുണ്ട്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട നസ്രാണിക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ ആഴം കുറഞ്ഞോ? കോവിഡ് പ്രോട്ടോകോൾ കാലഘട്ടത്തിൽ 100 പേർക്ക് പങ്കെടുക്കാ വുന്ന ദൈവാലയങ്ങളിൽ പലതും എൺപതും എഴുപതും പേരിൽ ഒതുങ്ങിയത് എന്താണ്? വിശുദ്ധ കുർബാനയ്ക്ക് മിക്കവാറും ദൈവാലയങ്ങളിൽനിന്ന് തത്സമയപ്രക്ഷേപണം ഉണ്ടായിട്ടും നമ്മുടെ കുട്ടികൾ ഫോർവേഡ്, റിവൈന്റ് അടിച്ചു കുർബാന കാണുന്ന രീതിയിലേക്ക് മാറുന്ന, മുൻകൂട്ടി റെക്കോർഡ് ചെയ്ത് യൂട്യൂബ് കുർബാനകൾ സമയം ക്രമീകരിച്ചുകാണുന്നതെന്ത്? നൂറുകണക്കിന് വിശ്വാസികൾക്കൊപ്പം ബലിയർപ്പിച്ച വൈദികർ കോവിഡ് മാനദണ്ഡമനുസരിച്ച് ഒറ്റയ്ക്ക് ബലിഅർപ്പിക്കുമ്പോൾ വിശ്വാസതീഷ്ണത കുറയുന്നുണ്ടോ? തുടങ്ങി നിരവധിചോദ്യങ്ങൾ ഈ വിശ്വാസപ്രഖ്യാപന തിരുനാൾ, കോവിഡു കാലഘട്ടത്തിൽ മുന്നോട്ടുവയ്ക്കുന്നുണ്ട്.

ഈയിടെ തന്റെ അമ്മയെ നഷ്ടപ്പെട്ട ഒരു പ്ലസ് ടു വിദ്യാർഥി പങ്കുവച്ചകാര്യം ഓർമിക്കുകയാണ്: അച്ചാ, വീട്ടിലെല്ലാർക്കും കോവിഡ് വന്നപ്പോൾ ഞങ്ങളെയൊക്കെ പരിചരിച്ചതും ധൈര്യം പകർന്നതും അമ്മയാണ്. ഞങ്ങളൊക്കെ സുഖപ്പെട്ടു. ഞങ്ങളുടെ കുടുംബത്തിലെ ഏറ്റവും ആരോഗ്യവതിയായ അമ്മമാത്രം ഞങ്ങൾക്ക് നഷ്ടപ്പെട്ടു. അമ്മയെ ഞാൻ ഒരുപാട് വേദനിപ്പിച്ചിട്ടുണ്ട്. ഒന്നു സ്നേഹിച്ചു തുടങ്ങിയതേ ഉണ്ടായിരുന്നുള്ളൂ. എന്താ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്? കൂടെയുണ്ടെന്ന് ഉറപ്പുള്ളവരൊക്കെ മണ്ണിലേക്ക് മടങ്ങുന്ന കാലമാണിത്. നല്ല കാര്യങ്ങൾ ചെയ്യാൻ ഇനി കാക്കേണ്ട; വിശ്വാസത്തിന്റെ ഇരട്ടചങ്കനായി ജീവിച്ചുതുടങ്ങുക. നിന്റെ കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും. പിതാവായ തോമാശ്ലീഹാ മു ന്നിലുണ്ട്. അവസാനമായി, നിന്നിൽനിന്ന് ഇരട്ടചങ്കനിലേക്കുള്ള ദൂരമാണ് ദുക്റാന എന്ന് ഓർമിക്കാം. തോമശ്ലീഹായ്ക്ക് സ്നേഹമായിരുന്നു വിശ്വാസം; വിശ്വാസമായിരുന്നു സ്നേഹം. "എന്റെ കർത്താവേ എന്റെ ദൈവമേ!" (യോഹ 20:28).

**ഡോ. ആൻസൺ പാണേങ്ങാടൻ CMI**

# ജൂലൈ 04
# ശ്ലീഹാ 7-ാം ഞായർ

## ഭാഷ്യം

ഏശ 5:8-20 | ലൂക്കാ 13:22-30

### ഏശ 5:8-20
### സന്ദർഭം

ബി.സി എട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് 'വിശുദ്ധിയുടെ പ്രവാചകൻ' എന്നറിയപ്പെടുന്ന ഏശയ്യ ജീവിച്ചിരുന്നത്. അടിമകൾക്ക് വിടുതൽ നൽകുന്നതിലൂടെയാണ് ദൈവം തന്റെ വിശുദ്ധി പ്രകടമാക്കിയത് (പുറ 6:8). വിശുദ്ധിതന്നെയായ ദെവം തന്റെ ജനത്തിൽനിന്നും ആവശ്യപ്പെടുന്നത് ആഘോഷപൂർണമായ ആരാധനാനുഷ്ഠാനങ്ങൾക്കുപരി നീതിനിഷ്ഠമായൊരു ജീവിതമാണ്. ഈ സന്ദേശം പലവിധത്തിൽ പ്രവാചകൻ ആവർത്തിക്കുന്നുണ്ട്. അഞ്ചാം അധ്യായം മുഴുവൻ ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നു. വിഷഫലം പുറപ്പെടുവിച്ച മുന്തിരിത്തോട്ടത്തോട് ഇസ്രായേൽ ജനത്തെ ഉപമിച്ചതിനുശേഷം ജനത്തിനിടയിൽ നടമാടുന്ന അക്രമത്തിന്റെയും അനീതിയുടെയും ഒരു നേർക്കാഴ്ച അവതരിപ്പിക്കുന്നു.

### സാരം

പത്തുതവണ ആവർത്തിക്കുന്ന 'ദുരിതം' എന്ന വ്യാക്ഷേപകം തന്നെ മുഖ്യപ്രമേയം. ഇതൊരു ശാപമല്ല, വിലാപമോ നിലവിളിയോ ആണ്. *ഹാ! കഷ്ടം* എന്ന വിവർത്തനം ഈ അർത്ഥത്തെ കൂടുതൽ വ്യക്തമാക്കും. *ഹോയ്* എന്നാണ് ഹീബ്രുമൂലം. *Alas* എന്ന് ഇംഗ്ലീഷ്. സംഭവിച്ചുകഴിഞ്ഞ ഒരു ദുരന്തത്തിന്റെ മുന്നിൽനിന്ന് നിലവിളിക്കുന്നതിന് സമാനമാണിത്. എന്താണ് ഈ വിലാപത്തിന് കാരണം എന്ന് പത്തുകാര്യങ്ങൾ എടുത്തു പറഞ്ഞ് പ്രവാചകൻ വിശദീകരിക്കുന്നു.

പാവപ്പെട്ടവർക്കെതിരെ നടക്കുന്ന അനീതിയും ചൂഷണവുമെല്ലാം സമ്പന്നവർഗത്തിന്റെ അതിരുകവിഞ്ഞ ആഘോഷാഭാസങ്ങളാണ്. അന്യരുടെ ഭൂമി കൈയടക്കി, മനോഹരമാളികകൾ പണിയുന്നു, മദ്യപിച്ച് മത്തുപിടിച്ച് ആഘോഷിക്കുന്നു, നുണ പ്രചരിപ്പിക്കുന്നു, വിശ്വസിക്കുന്നു. ഇതിനെല്ലാം അടിസ്ഥാനമായി എടുത്തുകാട്ടുന്ന കാരണം പ്രത്യേകം ശ്രദ്ധിക്കണം: "എന്റെ ജനം അജ്ഞതനിമിത്തം നീങ്ങുന്നു" (5:13). വിമോചകനായ ദൈവത്തെയും അവിടുത്തെ പ്രമാണങ്ങളെയും അറിയാത്തതാണ് അജ്ഞത. പഠിപ്പിക്കേണ്ടവർ, പുരോഹിതൻമാരും പ്രവാചകൻമാരും അത് പഠിപ്പിച്ചില്ല എന്ന താണ് ഈ കൃത്യങ്ങൾക്കും അത് വിളിച്ചുവരുത്തുന്ന ദുരന്തങ്ങൾ ക്കും മൂലകാരണം.

## സന്ദേശം

പ്രവാചകൻ ഉന്നയിക്കുന്ന ഓരോ ആരോപണവും അന്നത്തേതി നെക്കാൾ പതിന്മടങ്ങ് രൂക്ഷതയോടെ ഇന്നും നിലനിൽക്കുന്നു. കോ ടിക്കണക്കിന് മനുഷ്യർ വെയിലും മഴയുംകൊണ്ട് കയറിക്കിടക്കാൻ ഒരു കൂരപോലുമില്ലാതെ അലയുമ്പോൾ ആഡംബരസൗധങ്ങൾ പണിയാൻ സമ്പന്നർ മത്സരിക്കുന്നു. പ്രാണവായുകിട്ടാതെ മനുഷ്യ ർ പിടഞ്ഞുമരിക്കുന്നു. ലോകം മുഴുവൻ സഹതാപത്തോടെ ഉറ്റുനോ ക്കുന്ന നമ്മുടെ നാട്ടിൽ രോഗികൾക്കും ദരിദ്രർക്കും സംരക്ഷണം നൽകുന്നതിനുപകരം 20,000 കോടി മുടക്കി പുതിയ പാർലമെന്റ് മന്ദിരം പണിയുന്ന രാഷ്ട്രീയനേതാക്കൾ മാത്രമല്ല ഇവിടെ പ്രതിക്കൂട്ടി ൽ. അനേകം മന്ദിരങ്ങൾ ശൂന്യമായി കിടക്കുമെന്ന താക്കീത് ഇന്ന് എത്രയോ അന്വർത്ഥമായിരിക്കുന്നു. സ്വകാര്യവസതികൾ, ആരാ ധനാലയങ്ങൾ, പൊതുസ്ഥാപനങ്ങൾ. സത്യം തിരിച്ചറിയണം. നു ണയെ നേരിന്റെ തുണിയുടുപ്പിച്ചു നടത്തരുത്.

**ഡോ. മൈക്കിൾ കാരിമറ്റം**

# ലൂക്കാ 13:22-30

## സന്ദർഭം

ലൂക്കാ സുവിശേഷത്തിലെ യാത്രാവിവരണം എന്നറിയപ്പെടുന്ന മധ്യഭാഗത്തിന്റെ (9:51; 19:46) കേന്ദ്രമായി നിൽക്കുന്ന സുവിശേഷഭാഗമാണിത്. ശിക്ഷണത്തെക്കുറിച്ചുള്ള വിശദമായ പ്രബോധനമാണ് ഈ ഭാഗത്ത് നൽകുന്നത്. നിത്യജീവനെ സംബന്ധിച്ച മൂന്നു ചോദ്യങ്ങൾ (10:25, 13:23, 18:15) ഈ സുവിശേഷ ഭാഗത്തിന്റെ മുഖ്യപ്രമേയം അവതരിപ്പിക്കുന്നു. "രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ?" (13:23) എന്ന ചോദ്യം നിത്യജീവനെതന്നെയാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം താൻ രക്ഷപ്രാപിച്ചുകഴിഞ്ഞു എന്ന ഒരു ചിന്ത ചോദ്യകർത്താവിനുണ്ട് എന്ന സൂചനയും നല്കുന്നു. ഈ സാഹചര്യത്തിൽ എന്താണ് നിത്യരക്ഷ, അത് പ്രാപിക്കാൻ എന്തു ചെയ്യണമെന്ന് വാതിൽ അടയ്ക്കുന്ന വീട്ടുടമസ്ഥന്റെ ഉപമയിലൂടെ വിശദീകരിക്കുന്നു.

## സാരം

ജറുസലെമിലേക്ക് യാത്രചെയ്യുന്നു എന്ന മുഖവുരയോടെ തുടങ്ങുമ്പോൾ കുരിശും അതുവഴി ഉത്ഥാനത്തിന്റെ പുതുജീവനുമാണ് ലക്ഷ്യമെന്ന് തുടക്കത്തിലേ അനുസ്മരിപ്പിക്കുന്നു. എത്രപേർ രക്ഷ പ്രാപിക്കും എന്ന പ്രയോജനരഹിതമായ ചോദ്യം ഉപേക്ഷിച്ച് രക്ഷപ്പെടാൻ എന്തുചെയ്യണമെന്ന് അന്വേഷിക്കുകയാണ് വേണ്ടത്. വിരുന്നിന്റെ ഉപമയുടെ ഒരു ചെറിയ പതിപ്പുപോലെ തോന്നും വാതിലയടയ്ക്കുന്ന ഗൃഹനാഥന്റെ ഉപമ. അതോടൊപ്പം നാമെല്ലാം യാത്രക്കാരാണെന്നും ദൈവഭവനമായ സ്വർഗ്ഗമാണ് ലക്ഷ്യമെന്നും അനീതിപ്രവർത്തിച്ചാൽ അതിൽ പ്രവേശിക്കാൻ കഴിയാതെ പോയേക്കുമെന്നും ഈ ഉപമ അനു സ്മരിപ്പിക്കുന്നു. ഏതാനും അനുഷ്ഠാനങ്ങൾ മാത്രം ആർക്കും രക്ഷണീയമാകില്ല. അനീതി പ്രവർത്തിക്കുന്നവരെ ദൈവം സ്വന്തമെന്ന് അംഗീകരിക്കില്ല. "നിങ്ങൾ എവിടെ നിന്നാണെന്ന് ഞാനറിയുന്നില്ല" (13:25) എന്ന പ്രസ്താവന അതാണ് അർത്ഥമാക്കുന്നത്. "എന്നിൽ നിന്ന് അകന്നുപോകൂ" (13:27) എന്ന ശിക്ഷാവിധി നിത്യശിക്ഷയെ സൂചിപ്പിക്കുന്നു. മനുഷ്യൻ കാണുന്നതു പോലെയല്ല ദൈവം വിധിക്കുന്നത്.

# സന്ദേശം

ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ ശ്രമിക്കുക എന്ന ആഹ്വാനമാണ് ഏറ്റവും പ്രധാനം. പ്രസംഗങ്ങൾ കേൾക്കുകയും കൂദാശകൾ സ്വീകരിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം ആർക്കും നിത്യജീവൻ ലഭിക്കില്ല. കേൾക്കുന്ന ദൈവവചനം അനുസരിച്ച് ജീ വിതം ക്രമപ്പെടുത്തണം; കൂദാശകൾ സ്വീകരിക്കാൻ ഒരുങ്ങണം; സ്വീകരിക്കുന്ന കൂദാശകൾ നൽകുന്ന സന്ദേശം ജീവിതത്തിൽ പ്രാവർത്തികമാക്കണം. മുറിച്ചു വിഭജിച്ചു കിട്ടുന്ന യേശുവിന്റെ ശരീരം ഭക്ഷിക്കുന്നവർ, അവൻ ചെയ്തതുപോലെ സഹോദരങ്ങൾക്കുവേണ്ടി സ്വയം മുറിയാൻ തയ്യാറാകണം.

നീതി പ്രവർത്തിക്കുക എന്നതാണ് അതിനുള്ള ഏറ്റവും പ്രധാന നിബന്ധന. ദൈവത്തിന്റെ ന്യായാസനത്തിനുമുമ്പിൽ നിൽക്കുമ്പോൾ അപ്രതീക്ഷിതമായ പലതും സംഭവിക്കാം എന്ന താക്കീതും ഓർമിക്കണം. പിമ്പന്മാരാകുക എന്നാൽ പുറന്തള്ളപ്പെടുക എന്നുതന്നെയാണ് അർത്ഥം. അതിനാൽ ഞാൻ രക്ഷിക്കപ്പെട്ടു കഴിഞ്ഞു, ഇനി എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല. സ്വർഗ്ഗത്തിൽ എന്റെ സീറ്റ് റിസർവ് ചെയ്തിരിക്കുന്നു എന്നുകരുതി ജീവിച്ചാൽ ഉണ്ടാകാവുന്ന വലിയ അപകടമാണ് മുൻപന്മാർ പിമ്പന്മാരാകുന്നതിലൂടെ സൂചിപ്പിക്കുന്നത്. അതുപോലെതന്നെ ദൈവരാജ്യത്തിനു പുറത്ത് എന്ന് മുദ്രകുത്തപ്പെടുന്ന പലരും അകത്തായിരിക്കും എന്നതും ഓർക്കണം. നീതി പ്രവർത്തിക്കാനുള്ള ആഹ്വാനം പരമപ്രധാനമായി എടുക്കണം.

**ഡോ. മൈക്കിൾ കാരിമറ്റം**

# പ്രസംഗം

## പരിശ്രമം+പരവിചാരം =രക്ഷ

ജറുസലേമിലേക്കുള്ള യാത്രാമധ്യേ ഒരുവൻ യേശുവിനോട് ചോദിച്ചു: "കർത്താവേ, രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ?"(ലൂക്കാ 13:23). യേശുവിനോട് ചോദിച്ചത് ഒരുവനാണെങ്കിലും അവന്റെ ഉത്തരം ഒരുപാടുപേരോടായിരുന്നു. തന്റെ കൂടെയുണ്ടായിരുന്ന സകലരോടുമായി ഈശോ പറഞ്ഞു: "രക്ഷ പ്രാപിക്കണമെങ്കിൽ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ പരിശ്രമിക്കണമെന്ന്"(ലൂക്കാ 13:24).

രക്ഷപ്രാപിക്കുന്നവരുടെ സംഖ്യ യഹൂദർക്കിടയിലെ ഒരു പ്രധാന ചർച്ചാവിഷയമായിരുന്നു. ഒരിക്കൽ രണ്ട് യഹൂദറബ്ബിമാർ തമ്മിൽ ഒരു തർക്കം നടന്നു. രക്ഷിക്കപ്പെട്ടവർ എത്ര എന്നുള്ളതായിരുന്നു തർക്കവിഷയം. ലോകത്തിന്റെ മൂന്നിലൊന്ന് രക്ഷിക്കപ്പെടും എന്നതായിരുന്നു ആദ്യറബ്ബിയുടെ വാദം. നോഹയുടെ പ്രളയകാലത്ത് പെട്ടകത്തിലൂടെ രക്ഷപ്പെട്ട നോഹയുടെയും മൂന്നുമക്കളുടെയും ഇടയിൽനിന്ന് യാഹ്വേയുടെ അനുഗ്രഹത്തിന് ഭാഗ്യംലഭിച്ചത് മൂത്തമകൻ ഷേമിനു മാത്രമായിരുന്നു. അതിനാൽ മൂന്നിലൊന്ന് രക്ഷിക്കപ്പെടും എന്ന് ഒന്നാമത്തെ റബ്ബി വാദിച്ചു. എന്നാൽ ഇതിനേക്കാൾ കുറവായിരിക്കും രക്ഷിക്കപ്പെട്ടവർ എന്നായിരുന്നു അപരന്റെ വാദം. ഈജിപ്തിൽനിന്നും വാഗ്ദത്തഭൂമിയിലേക്ക് പ്രവേശിപ്പിക്കപ്പെട്ടവരാണ് രക്ഷിക്കപ്പെട്ടവർ. അവരിൽ ആകെ ജോഷ്വായും കാലെബും മാത്രമേ തേനും പാലും ഒഴുകുന്ന കാനാൻദേശത്തേക്ക് പ്രവേശിച്ചുള്ളൂ. അവരുടെ പിന്മുറക്കാരായ യഹൂദർ മാത്രമേ രക്ഷ സ്വീകരിക്കുന്നുള്ളൂ. എന്നാൽ എത്രപേർ രക്ഷപ്പെടും എന്നുള്ളതായിരുന്നില്ല കർത്താവിന്റെ പാഠം; പകരം ഒരുവന് എങ്ങനെ രക്ഷപ്പെടാം എന്നുള്ളതായിരുന്നു അവന്റെ പഠനം.

ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുന്നവർക്കുമാത്രമേ രക്ഷ പ്രാപിക്കാൻ കഴിയുകയുള്ളൂ. ഇടുങ്ങിയ വാതിൽ ക്രിസ്തുവാണ്. യോഹ 10:9–ൽ പറയുന്നു: "ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും." വിശുദ്ധഗ്രന്ഥത്തിൽ ക്രിസ്തുവാകുന്ന ഇടുങ്ങിയ വാതിലിലൂടെ രക്ഷപ്രാപിച്ചവർ നിരവധിയാണ്. സക്കേവൂസും പാപിനിയും സമരിയാക്കാരിയുമൊക്കെ ഇപ്രകാരം രക്ഷ സ്വന്തമാക്കിയവരാണ്. ചുങ്കക്കാരനായിരുന്ന സക്കേവൂസ് താൻ അധാർമികമായി സമ്പാദിച്ചെടുത്തതൊക്കെയും കർത്താവിന്റെ സാന്നിധ്യത്തിൽ നിരുപാധികം വിട്ടുകൊടുത്ത് രക്ഷ സ്വന്തമാക്കിയത് ആത്മീയ എളിമപ്പെടലിന്റെ യും അനുതാപത്തിന്റെയും പൂർത്തീകരണമായാണ് (ലൂക്കാ 19:9). കണ്ണുനീരുകൊണ്ട് കർത്താവിന്റെ പാദം കഴുകുകയും തന്റെ തലമുടികൊണ്ട് തുടയ്ക്കുകയും ചെയ്ത പാപിനിയും (ലൂക്കാ 7:48–50), അനുതാപത്തിന്റെയും ആത്മീയ അശ്രാന്ത പരിശ്രമത്തിന്റെയും പരിണതമായി ഫലം കൊയ്തവരാണ്. എന്നാൽ ക്രിസ്തുവിലൂടെ സ്വന്തമാക്കേണ്ട രക്ഷ പ്രാപിക്കാൻ ഞാൻ എന്തുചെയ്യുന്നു?! സ്വർഗരാജ്യം സ്വന്തമാക്കുക എന്നത് എന്റെ ജീവിതത്തിന്റെ മുൻഗണനാലിസ്റ്റിൽ ഇനിയും ചേർക്കപ്പെടാത്ത ലക്ഷ്യമാണോ? നമ്മോടുതന്നെ ഒരായിരമാവർത്തി ചോദിക്കുകയും ഉത്തരം കണ്ടെത്തി പ്രവർത്തിപഥത്തിലെത്തിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്.

രക്ഷ അർധമനസ്സുള്ളവർക്കല്ല; ഏകമനസ്സുള്ളവർക്കാണ്. വചനം പറയുന്നു: 'ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ പരിശ്രമിക്കുവിനെന്ന്.' പരിശ്രമം എന്നതിന്റെ ഗ്രീക്കുപദം *എഗോണിസെസ്തെ* എന്നാണ്. കഠിനപരിശ്രമം എന്നാണ് ഈ പദത്തിന്റെ അർത്ഥം. സമ്മാനം നേടാൻ ഒരു കായികാഭ്യാസി നടത്തുന്ന കഠിനമായ ഒരുക്കംപോലെയാണത്. ക്രിസ്തുവാകുന്ന രക്ഷ സ്വന്തമാക്കാൻ വചനവും വിശുദ്ധബലിയും ആത്മീയനുഷ്ഠാനങ്ങളും പരോപകാരപ്രവർത്തികളും ഒരുമിച്ചുചേരുന്ന ജീവിതശൈലിയിലൂടെമാത്രമേ സാധിക്കുകയുള്ളൂ.

സ്വർഗരാജ്യമാകുന്ന രക്ഷ സ്വന്തമാക്കാൻ പരിശ്രമത്തോടുകൂടിത്തന്നെ പ്രധാനപ്പെട്ടതാണ് ക്രിസ്തുവുമായുള്ള വ്യക്തിബന്ധം. ലൂക്കാ 13:27–ൽ പറയുന്നു: "അപ്പോൾ അവൻ നിങ്ങളോട് പറയും: നിങ്ങൾ എവിടെ നിന്നാണെന്നു ഞാൻ അറിയുന്നില്ല." ഈ ശോയു

മായുള്ള വ്യക്തിബന്ധത്തിൽനിന്നാണ് രക്ഷയുടെ കവാടം നമുക്കു മുമ്പിൽ തുറക്കപ്പെടുന്നത്. വ്യക്തിബന്ധം എന്നും ഹൃദയബന്ധമാണ്. അതുകൊണ്ട് സാന്നിധ്യത്തിൽ ചെയ്തുകൂട്ടുന്ന കാര്യങ്ങൾക്കല്ല ഹൃദയംകൊണ്ട് അനുഷ്ഠിക്കുന്നവയ്ക്കാണ് കർത്താവിന്റെ മനസ്സിനെ കീഴടക്കാൻ സാധിക്കുക. "നിന്റെ സാന്നിധ്യത്തിൽ ഞങ്ങൾ ഭക്ഷിക്കുകയും പാനം ചെയ്യുകയും ഞങ്ങളുടെ തെരുവുകളിൽ നീ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്" (ലൂക്കാ 13:26) എന്ന വിലാപം വ്യർത്ഥമായതുപോലെ ദൈവനാമത്തിലും ദൈവമഹത്ത്വത്തിനുമായി നമ്മൾ നടത്തുന്ന പല ബഹുജനപദ്ധതികളും പരിപാടികളും കർത്താവിന്റെ ഹൃദയത്തിൽ യഥാർത്ഥത്തിൽ ഇടം കണ്ടെത്തുന്നുണ്ടോ എന്നു പരിശോധിക്കപ്പെടേണ്ടതുണ്ട്. ആൾക്കൂട്ടപ്രസരിപ്പുകളിലല്ല, ഹൃദയപരമാർത്ഥതയോടെയുള്ള ദൈവവേലയിലാണ് അവിടുന്ന് സംപ്രീതനാകുന്നതെന്ന സത്യം നമുക്കു തിരിച്ചറിയാം. മടുപ്പുകൂടാതെ ദൈവസന്നിധിയിൽ ഹൃദയംകൊണ്ട് ജീവിച്ച് സ്വർഗമെന്ന രക്ഷ നമുക്ക് സ്വന്തമാക്കാം.

**ഫാ. മജോ മരോട്ടിക്കൽ**

# ജൂലൈ 11
# കൈത്താ 1-ാം ഞായർ

## ഭാഷ്യം

### അപ്പ 5:12-20 | ലൂക്കാ 14:7-14

### അപ്പ 5:12-20
### സന്ദർഭം

ആരാധനക്രമവത്സരത്തിൽ ഒരു പുതിയകാലം ആരംഭിക്കുന്നു -കൈത്താക്കാലം. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിലൂടെ വിതയ്ക്കപ്പെട്ട ദൈവവചനം ഫലം പുറപ്പെടുവിക്കുന്നതിനെയാണിത് സൂചിപ്പിക്കുക. *ഫലാഗമകാലം* എന്നും ഇതിനെ വിശേഷിപ്പിക്കാറുണ്ട്. അപ്പസ്തോലന്മാരുടെ സുവിശേഷപ്രഘോഷണം എപ്രകാരം ഫലദായകമായെന്ന് ഈ വചനഭാഗം വ്യക്തമാക്കുന്നു. ഒരുഭാഗത്ത് അപ്പസ്തോലന്മാർവഴി അനേകം അത്ഭുതങ്ങൾ നടക്കുന്നു. അത് അനേകരുടെ മാനസാന്തരത്തിന് കാരണമാകുന്നു. മറുഭാഗത്ത് അധികാരികളുടെ ഭീഷണി കൂടുതൽ ശക്തമാകുന്നു. എന്നാൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് നയിക്കപ്പെടുന്ന അപ്പസ്തോലന്മാർ നിർഭയം തങ്ങളുടെ വിശ്വാസം ഏറ്റുപറഞ്ഞ് സാക്ഷ്യം തുടരുന്നു.

### സാരം

മഹത്വീകൃതനായ യേശു അയച്ച പരിശുദ്ധാത്മാവ് ശിഷ്യരെ ശക്തിപ്പെടുത്തി (അപ്പ 1:8). ദൈവമാണ് അവരിലൂടെ പ്രവർത്തിക്കുന്നത് എന്നതിന് അത്ഭുതകരമായ രോഗശാന്തികളും പിശാച്ബഹിഷ്കരണങ്ങളും സാക്ഷ്യം വഹിച്ചു. യഹൂദനേതാക്കൾ അവരെ എതിർക്കാൻ മുഖ്യകാരണം അസൂയയായിരുന്നു എന്ന സൂചന (5:17) പ്രത്യേകശ്രദ്ധയർഹിക്കുന്നു. ജനങ്ങളെല്ലാം തങ്ങളെ വിട്ടുപോകുന്നു. ഗലീലിയിൽ നിന്നുള്ള നിരക്ഷരരായ മുക്കുവർ തങ്ങളേക്കാൾ പ്രബലരായിത്തീരുന്നു എന്നതായിരിക്കാം അസൂയയുടെ കാര

ണം. എന്നാൽ അവരുടെ വിലക്കുകൾക്കും ഭീഷണികൾക്കും അപ്പ സ്തോലന്മാരെ നിശബ്ദരാക്കാൻ കഴിഞ്ഞില്ല. കാരാഗൃഹങ്ങൾക്ക് അവരെ തടഞ്ഞുനിർത്താനായില്ല. ദൈവഹിതത്തിന് വിരുദ്ധമായി മതാധികാരികൾ പഠിപ്പിക്കുന്നു, കൽപ്പിക്കുന്നു എന്ന അപ്പസ്തോ ലന്മാരുടെ പ്രസ്താവന വലിയ ശ്രദ്ധയർഹിക്കുന്നു. തങ്ങൾ കാണു കയും കേൾക്കുകയും ചെയ്ത കാര്യങ്ങളാണ് തങ്ങൾ പ്രഖ്യാപിക്കു ന്നതെന്ന് അപ്പസ്തോലൻമാരുടെ പ്രബോധനത്തിന് അടയാള ങ്ങളിലൂടെ പരിശുദ്ധാത്മാവ് സാക്ഷ്യം വഹിക്കുന്നു.

## സന്ദേശം

സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ തങ്ങൾക്കുണ്ടായ ബോ ധ്യങ്ങളാണ് സുവിശേഷമായി അപ്പസ്തോലന്മാർ പങ്കുവച്ചത്. ഇ ന്നും ഇതുതന്നെയാണ് ഏറ്റവും പ്രധാനം. കേട്ടുകേൾവിയും പഠന വുമെല്ലാം സഹായകമാകും. പക്ഷേ അനുഭവങ്ങളാണ് പ്രധാനം. ഈ അനുഭവങ്ങളുടെ തീക്ഷ്ണതയാണ് സകല ഭീഷണികളെയും അതിജീവിക്കാൻ ആദിമക്രൈസ്തവർക്ക് ശക്തി നൽകിയത്. ഇന്നും അതുതന്നെ സംഭവിക്കുന്നു. ദൈവവചനത്തിന് വിലങ്ങുവയ്ക്കാൻ കഴിയില്ല. പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിന് വഴങ്ങുന്നവർ സ ധൈര്യം വാക്കും പ്രവൃത്തിയും സർവോപരി ജീവിതവുംവഴി സുവി ശേഷം പ്രഘോഷിക്കും, പ്രഘോഷിക്കണം. അപ്പസ് തോലന്മാരുടെ മാതൃക ഇന്നും പ്രചോദനമാകണം. മനുഷ്യരേക്കാൾ ദൈവ ത്തെയാണ് അനുസരിക്കേണ്ടത്.

**ഡോ. മൈക്കിൾ കാരിമറ്റം**

---

# ലൂക്കാ 14:7-14

## സന്ദർഭം

ശിഷ്യത്വത്തെ സംബന്ധിച്ച നിർണായകമായ ചില പാഠങ്ങൾ നൽകുന്ന ഒരു സുവിശേഷഭാഗം. സാബത്തിൽ, വിരുന്നിനുമധ്യേ മഹോദരരോഗിക്ക് സൗഖ്യംനൽകുന്നതിലൂടെ സാബത്താചരണ ത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നു. പ്രഥമസ്ഥാനത്തിനുവേണ്ടി മത്സ രിക്കുന്ന വിരുന്നുകാർക്ക് നൽകുന്ന ഉപദേശം സ്ഥാനമോഹത്തിനെ തിരേ താക്കീത് നൽകുന്നു. ആരെയാണ് വിരുന്നിനു ക്ഷണിക്കേ ണ്ടത് എന്ന നിർദ്ദേശത്തോടെ വിരുന്നുകളുടെ അർത്ഥവും ലക്ഷ്യവും

വ്യക്തമാക്കുന്നു. ഗ്രീക്കുകാരുടെയും അവരെ അനുകരിച്ച് റോമാക്കാരുടെയും ഇടയിൽ നിലവിലിരുന്ന ഒരു പതിവാണ് വിരുന്നുകളും വിരുന്നിനുമധ്യേ നടക്കുന്ന ചർച്ചകളും സംഭാഷണങ്ങളും. *സിംപോസിയം* എന്നാണ് ഇതറിയ പ്പെട്ടിരുന്നത്. ഇതിൽനിന്നാണ് നമുക്ക് പരിചിതമായ ചർച്ചാസമ്മേള നങ്ങളായ *സിമ്പോസിയ*ത്തിന്റെ വരവ്.

## സാരം

സാബത്താചരണം മനുഷ്യന് നന്മ ചെയ്യുന്നതിന് തടസ്സമാകരുത്. ആചാരാനുഷ്ഠാനങ്ങൾക്കുപരി അവയുടെ ആന്തരികമായ ലക്ഷ്യങ്ങൾക്ക് പ്രാധാന്യം നൽകണം. പ്രഥമസ്ഥാനത്തെക്കുറിച്ചുള്ള പ്രബോധനമാണ് അടുത്തത്. വിരുന്നുശാലയിൽ ആതിഥേയന്റെ വലതുവശത്തെ ഇരിപ്പിടമാണ് ഏറ്റവും പ്രധാനം. ഇടതുവശത്തേതിനു രണ്ടാംസ്ഥാനം. ഇങ്ങനെയാണ് മുൻഗണനാക്രമം. സ്വയം വലിയവനാകാൻ ശ്രമിക്കരുത്. മറ്റുള്ളവരെ നിന്നെക്കാൾ ബഹുമാന്യനായി കരുതണമെന്നഗുണപാഠം. ആവശ്യക്കാർക്ക് സഹായം നൽകുന്നത് എന്തെങ്കിലും ഭൗതികമായ പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടാകരുത് എന്ന് വിരുന്നിനു ക്ഷണിക്കപ്പെടുന്നവരെക്കുറിച്ചുള്ള ഉദാഹരണത്തിലൂടെ പഠിപ്പിക്കുന്നു. വിരുന്നു നടത്തുന്നതുതന്നെ പ്രൗഢി പ്രകടിപ്പിക്കാനാകരുത്. എല്ലാം കാണുന്ന ദൈവത്തിൽനിന്നുമാത്രം പ്രതിഫലം പ്രതീക്ഷിച്ചാൽ മതി. നിത്യജീവനായിരിക്കും ആ പ്രതിഫലം.

## സന്ദേശം

സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള മത്സരം ഇന്ന് എല്ലാതലങ്ങളിലും പ്രകടമാണല്ലോ! സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ മാത്രമല്ല, മതമേഖലയിലും ഇത് കടന്നുകൂടിയിരിക്കുന്നു. മറ്റുള്ളവരെ കാണിക്കാൻവേണ്ടി, മറ്റുള്ളവരുടെ മുൻപിൽ വലിപ്പം കാണിക്കാൻവേണ്ടി, ചെയ്തുകൂട്ടുന്ന ക്രയവിക്രയങ്ങളിൽനിന്ന് ആരുംതന്നെ പൂർണമായും മുക്തരല്ല എന്ന് തോന്നും. ആയിരങ്ങളെ വിളിച്ച് വിരുന്നാഘോഷിക്കുന്ന വിവാഹങ്ങളും ജൂബിലികളും പുത്തൻകുർബാനകളും എല്ലാം നിർത്തിവയ്ക്കാൻ നിർബന്ധിക്കുന്ന കോവിഡ് നിയന്ത്രണങ്ങളിലൂടെ ദൈവം പഠിപ്പിക്കുന്ന പാഠം ഇനിയെങ്കിലും മനസ്സിലാക്കാൻ കഴിയണം. വിശക്കുന്നവർക്കാണ് ആഹാരം ആവശ്യം. അതിന് പ്രതിഫലമായി ദൈവം ദൈവരാജ്യത്തിൽ സ്ഥാനം നൽകും.

**ഡോ. മൈക്കിൾ കാരിമറ്റം**

# പ്രസംഗം

## പകരം പ്രതീക്ഷിക്കാതെ പകരാം

നഷ്ടങ്ങളുടെ ഒരു ചരിത്രത്തിലൂടെ നാം കടന്നുപോവുകയാണ്. വെറും നഷ്ടമല്ല; ജീവൻ നഷ്ടപ്പെടുന്ന ചരിത്രത്തിന് നാം സാക്ഷ്യം വഹിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രാർത്ഥനയോടെ നമുക്ക് വചനം ധ്യാനിക്കാം. മേന്മ ഭാവിക്കാൻ ഒന്നുമില്ലെന്ന് മനുഷ്യനോട് ഒരു കുഞ്ഞൻവൈറസ് വെല്ലുവിളിക്കുമ്പോൾ ഇനിയെങ്കിലും *ഞാൻ ഭാവങ്ങളെ* മറികടന്നുകൊണ്ട് ദൈവത്തിൽ ആശ്രയിക്കാനും അപരനുവേണ്ടി നിലകൊള്ളാനും ഈ കാലഘട്ടം ഓർമപ്പെടുത്തുകയാണെണ് താഴ്മയോടെ നമുക്ക് അംഗീകരിക്കാം.

രണ്ടുകാര്യങ്ങളിലേക്ക് നമുക്ക് ഇന്ന് ശ്രദ്ധതിരിക്കാം: 1) ലൂക്കാ 14: 11: "തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും." 2)ലൂക്കാ 14:14: "എന്തെന്നാൽ പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല." നഷ്ടപ്പെടുത്തിയവർ നേടിയിട്ടേയുള്ളൂ. താഴ്ന്നുനിന്നവർ ഉയർന്നിട്ടേയുള്ളൂ. തകർക്കപ്പെടാൻ തയ്യാറായവർ ശക്തരായിട്ടേയുള്ളൂ. ഉദാഹരണമായി മനസ്സിലേക്ക് വരുന്നത് വിശുദ്ധ മദർ തെരേസയാണ്. സർവതും നഷ്ടപ്പെടുത്തി ഇറങ്ങിയ മദർ തെരേസ നേടിയത് ഭൂഖണ്ഡങ്ങളെയാണ്. എല്ലാത്തിനുമൊപ്പം ഉടുതുണിപോലും നഷ്ടമാക്കിയ വിശുദ്ധ ഫ്രാൻസിസ് അസ്സീസി നേടിയതിന് കണക്കുകൾ ഒന്നുമില്ല. നമുക്കും പ്രചോദനം ഉണ്ടായ നിരവധി വിശുദ്ധാത്മാക്കളും മഹത്വ്യക്തികളും നഷ്ടമാക്കിയ അനുഭവം ആഴമേറിയതാണ്. അതിനാലാണ് അവർ മഹത്ത്വത്തിന്റെ ഉയർച്ചയിൽ പ്രകാശിക്കുന്നത്. അവർ സ്വയം താഴ്ന്നവർ ആയിരുന്നു. കാലം അവരെ ഉയർത്തുകയായിരുന്നു.

തിരുസ്സഭയുടെ ചൈതന്യവും വളർച്ചയും സാക്ഷ്യവും മറ്റൊന്നുമല്ല. നഷ്ടങ്ങളുടെ നടുവിൽ തഴച്ചു വളർന്ന സാഹചര്യമാണ് തിരുസ്സഭയുടേതും. അപ്പസ്തോലന്മാരുടെ ജീവിതവും പ്രവർത്തനവും ഇതല്ലാതെ മറ്റെന്താണ് സാക്ഷ്യംവഹിക്കുക. എല്ലാം ഉപേക്ഷിച്ച് ജീവൻ സമർപ്പിച്ച മിഷണറിമാർ ഇതുതന്നെയല്ലേ സൂചിപ്പിക്കുന്നത്. അതിനാൽ തിരുസ്സഭയും നഷ്ടപ്പെടുത്തലുകളിലൂടെ മഹത്ത്വം പ്രാപിച്ചുനിൽക്കുന്ന ദൈവിക പ്രതിഭാസമാണ്. തകർക്കപ്പെട്ടതല്ല കാരണം

തകർക്കാൻ ആകാത്തവിധം നഷ്ടങ്ങൾ സഹിച്ചതിന്റെ പ്രകാശമാണ് സഭയുടേത്. ഇനിയൊന്ന് ചുരുക്കിയാൽ, ഇതിന്റെ എല്ലാം കേന്ദ്ര ബിന്ദു ക്രിസ്തുവിലാണ്. ക്രിസ്തുവാണ് ഇതിന്റെ മാതൃക. സ്വയം താഴ്ത്തിയ ക്രിസ്തുവിനോളം വലിയ ഒരു വ്യക്തിയേയും കാണാൻ കഴിയില്ല. അതുപോലെതന്നെ ഉയർച്ചയും.

സ്വർഗത്തോളം ഉയരമുള്ളവൻ ഭൂമിയോളം താഴ്ന്നു.
അനാദിമുതലേയുള്ളവൻ നശ്വരമായിടത്തേക്ക് വന്നു.
നിത്യതയിൽ ഉള്ളവൻ മനുഷ്യനായി മാറി,
മരണമില്ലാത്തവൻ കൊല്ലപ്പെട്ടു.
രാജാവായവൻ അവഗണിച്ച് തിരസ്കൃതനായി
നേതാവാകാൻ ഒറ്റയാക്കപ്പെട്ടു.
സേവിക്കപ്പെടേണ്ടവൻ ശുശ്രൂഷ ചെയ്തു.
മഹത്ത്വപൂർണ്ണമായവൻ ഒന്നുമില്ലാത്തവനായി
ദൈവത്തിന്റെ ഭാവങ്ങളെ സമാനതകളില്ലാതെ മാറ്റി.

ഇങ്ങനെ, എഴുതിയാലും പറഞ്ഞാലും തീരാത്തവിധം നഷ്ടപ്പെടാൻ തയ്യാറായ മറ്റൊരാളെയും ചരിത്രത്തിൽ ഇതുവരെ കണ്ടിട്ടില്ല. ഇനി കാണുകയുമില്ല. അതിനാൽ പ്രാർത്ഥിക്കാം; യേശുനാഥാ, മനുഷ്യകുലത്തിന്റെ ശൂന്യതയും നിസ്സാരതയും ഓർമപ്പെടുത്തുന്ന ഈ കാലഘട്ടത്തിലെങ്കിലും ഞങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ അൽപ്പമൊന്ന് താഴ്മയോടെ നഷ്ടങ്ങൾ ഏറ്റെടുക്കാൻ സഹായിക്കണമേ. ലൂക്കാ 14: 14-ലൂടെ പകരം നൽകാൻ ഇല്ലാത്തവരുടെ മുന്നിൽ ഭാഗ്യപ്പെട്ടവരാകാൻ ദിവ്യനാഥൻ ഓർമപ്പെടുത്തുകയാണ്. ഇതിനപ്പുറം മറ്റെന്തു വെല്ലുവിളിയാണ് നമുക്ക് നേരിടാനുള്ളത്. പകരം നോക്കാതെ, പ്രതീക്ഷിക്കാതെ ജീവിക്കുക. എന്നാൽ എന്ത് ത്യാഗം ആവശ്യപ്പെടുന്ന കാര്യമാണിത്. ഒരുപക്ഷേ പകരം മേടിച്ചു ജീവിക്കുന്നവരല്ലേ നാം എന്ന് ചിന്തിച്ചുപോകാറില്ലേ? പകരം പ്രതീക്ഷിക്കാതെ ജീവിക്കുക എന്നതാണ് വെല്ലുവിളി. അസ്തിത്വത്തെ തൊടുന്ന വെല്ലുവിളിയാണിത്. ഇതിനും നമുക്കുള്ള മാതൃക ക്രിസ്തുതന്നെയാണ്. ക്രിസ്തു പകരം പ്രതീക്ഷിക്കാത്തവൻ എന്ന് നിസ്സംശയം പറയാം. മനുഷ്യരിൽനിന്ന് ഒന്നും പ്രതീക്ഷിക്കാതെ സ്നേഹിക്കാൻ വലിയ ബുദ്ധിമുട്ടാണ്. ശരിയാണ്...നമ്മിൽനിന്നും ഒന്നും പ്രതീക്ഷിക്കാതെ സ്നേഹിക്കാൻ ക്രിസ്തുവിനോളം സാധിച്ച വേറെ ആരുമില്ല.

സ്നേഹിച്ചതിനൊക്കെ തിരികെ ലഭിക്കുമെന്ന് ഓർക്കാതെ, നന്മകൾക്ക് അംഗീകാരം പ്രതീക്ഷിക്കാതെ, കഠിനാധ്വാനത്തിൽ സമ്പത്തുമാത്രം കാണാതെ, സൗഹൃദത്തിന്റെ ആനന്ദം എപ്പോഴുമില്ലാതെ, നൽകിയ സമയത്തിന് കണക്കുപറയാതെ, ചെയ്ത സേവനത്തിന് മൂല്യമളക്കാതെ, കഷ്ടപ്പാടുകളുടെ കണക്ക് സൂക്ഷിക്കാതെ, കണ്ണീർകണങ്ങളുടെ പരിഭവം പറയാതെ, പ്രോത്സാഹനത്തിന്റെ തോത് കുറക്കാതെ, അവഗണനയുടെ വേദനകളെ പഠിക്കാതെ, ജീവിച്ചുതീർക്കുന്ന മൂല്യം മറക്കാതെ മുന്നോട്ടുനീങ്ങാൻ നമുക്ക് ഒരുമിച്ചു നടക്കാം. പകരം ലഭിക്കാത്തതിനെ, പരിഭവവും കണ്ണീരും തകർച്ചയും വേദനയും ഓർമപ്പെടുത്തുന്ന സാഹചര്യങ്ങളെ നേരിടാനുള്ള കരുത്തിനായി പ്രാർത്ഥിക്കാം. സ്വയം നഷ്ടപ്പെടുത്തി എന്നെ ഉയർത്തുന്ന യേശുനാഥനിൽ ആശ്രയിക്കാം. ഒപ്പം മറ്റുള്ളവർക്കായി നമുക്കും നഷ്ടപ്പെടാനും പകരം പ്രതീക്ഷിക്കാതെ ജീവിക്കാനും ശ്രമിക്കാം.

**ഫാ. വിൻസന്റ് ഇടക്കരോട്ട് MCBS**

# ജൂലൈ 18
# കൈത്താ 2-ാം ഞായർ

## ഭാഷ്യം

### ഏശ 4:2-6 | ലൂക്കാ 15:11-32

## ഏശ 4:2-6
### സന്ദർഭം

ഒന്നാം ഏശയ്യായുടെ ആദ്യ അധ്യായങ്ങൾ ഇസ്രായേൽ ജനത്തിന്റെമേൽ വരാനിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചും അവരുടെ പാപങ്ങളെക്കുറിച്ചും ഓർമിപ്പിക്കുന്നവയാണ്. എങ്കിലും പ്രത്യാശയുടെ സന്ദേശങ്ങളും ഏശയ്യാ നൽകുന്നുണ്ട്. അവയിലൊന്നാണ് ഇസ്രായേലിൽ അവശേഷിക്കുന്നവരെക്കുറിച്ചുള്ള (Remnant of Israel) പ്രവചനഭാഗം. ഏശയ്യാ 2:1-5-ലെ ദർശനത്തോട് ചേർന്നുപോകുന്നതാണ് 4:2-6 പ്രവചനം.

### സാരം

ദൈവം തന്റെ ജനത്തെ പൂർണമായി ഉപേക്ഷിക്കുകയില്ലെന്നും അവർക്കായി വിമോചനത്തിന്റെ വഴികൾ ഒരുക്കുമെന്നുമുള്ള വ്യക്തമായ സൂചന ഏശയ്യാ നൽകുന്നുണ്ട്. പ്രത്യക്ഷത്തിൽ ഈ വിമോചനം വിപ്രവാസത്തിൽനിന്നുള്ള തിരിച്ചുവരവിനെയാണ് ഉദ്ദേശിക്കുന്നത്. വിപ്രവാസത്തിലൂടെയുള്ള വിശുദ്ധീകരണത്തിന്റെ ലക്ഷ്യം ജനം ദൈവത്തെപ്പോലെ ആകുക എന്നതാണ്. ദൈവത്തെപ്പോലെ വിശുദ്ധരായിത്തീരേണ്ടവരാണ് ഇസ്രായേൽജനം.

### സന്ദേശം

ജനം നിരന്തരം ദൈവത്തിന്റെ വിശുദ്ധിയും നീതിയും തങ്ങളുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കാൻ പരാജയപ്പെട്ടതുകൊണ്ടാണ് വിപ്രവാസകാലഘട്ടം ഇസ്രായേലിന് അനിവാര്യമായി മാറിയത്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമായാണ് പ്രവാചകൻ ദൈവത്തിന്റെ വിധിയെയും ശിക്ഷയെയും കാണുന്നത്. ഇസ്രായേലിന്റെ

ഔന്നത്യവും ധിക്കാരവും ദൈവത്തിന്റെ പദ്ധതികളെ തകർത്തു കളയുന്നില്ല; മാത്രവുമല്ല, തിരഞ്ഞെടുക്കപ്പെട്ട ഒരു ചെറിയ ഗണത്തിലൂടെ ദൈവം തന്റെ പദ്ധതികൾ തുടർന്നുകൊണ്ടുപോകുകയും ചെയ്യും. അതിന് അവർ ദൈവത്തോട് വിധേയപ്പെട്ട് അവിടുത്തെ അനുസരിച്ചു ജീവിക്കണമെന്നുമാത്രം.

അവസാനഭാഗത്ത്, വിശുദ്ധീകരിക്കപ്പെട്ട ദൈവജനത്തിന്റെ ഭാവിമഹത്ത്വത്തെക്കുറിച്ചുള്ള സന്ദേശങ്ങളും സൂചനകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത ജനത്തിന്റെകൂടെയുള്ള ദൈവത്തിന്റെ മഹത്ത്വപൂർണമായ സാന്നിധ്യമാണ്. പുറപ്പാട് പുസ്തകത്തിൽ കാണുന്ന ദൈവസാന്നിധ്യത്തിന്റെ സങ്കല്പങ്ങൾ (പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും) ഇവിടെയും പ്രവാചകൻ ആവർത്തിക്കുന്നുണ്ട്.

ദൈവസാന്നിധ്യത്തെക്കുറിച്ചുള്ള പ്രവചനം ദൈവം തന്റെ ജനത്തെ വീണ്ടും സ്വീകരിക്കുന്നതിന്റെയും എല്ലാം ക്ഷമിച്ച് ജനത്തിന്റെ കൂടെ വസിക്കുന്നതിനെയുമാണ് സൂചിപ്പിക്കുന്നത്. രക്ഷ സ്വന്തമാക്കുന്നതിനായി ദൈവജനം ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് അവിടുത്തേക്കു വിധേയപ്പെട്ടു ജീവിക്കണമെന്നുമാത്രം. സ്വന്തം വഴികളിലൂടെ ചരിക്കുന്നവർക്ക് ഈ രക്ഷ അപ്രാപ്യമായി മാറും. ദൈവം പ്രതീഷിക്കുന്നതുപോലെ നമുക്കും വിശ്വസ്തതയോടെ ദൈവകല്പനകൾ അനുസരിച്ച് ജീവിക്കാം.

നിഗൂഢവും അഗ്രാഹ്യവുമായ ദൈവവഴികളെക്കുറിച്ചാണ് പ്രവാചകൻ പറഞ്ഞുവയ്ക്കുന്നത്. ശിക്ഷ എന്നത് ദൈവത്തിന്റെ അവസാനവാക്കല്ല; മറിച്ച് അത് രക്ഷയിലേക്ക് നയിക്കുന്ന ദൈവ പദ്ധതികളുടെ ഭാഗമാണ്. അതിനാൽ നിനച്ചിരിക്കാത്ത നേരത്ത് കടന്നുവരുന്ന സഹനങ്ങളുടെയും കഷ്ടപ്പാടുകളുടെയും മുമ്പിൽ ശാന്തത കൈവിടാതെ ദൈവത്തിൽ ആശ്രയിക്കാം.

**ഡോ. മാത്യു ഓലിക്കൽ MCBS**

## ലൂക്കാ 15:11-32

## സന്ദർഭം

നഷ്ടപ്പെടലും കണ്ടെത്തലും അതിന്റെ ആനന്ദവും വിവരിക്കുന്ന കാണാതായ ആടിന്റെയും നഷ്ടപ്പെട്ട നാണയത്തിന്റെയും ഉപമയ്ക്കു പിന്നാലെയാണ് ധൂർത്തപുത്രന്റെ ഉപമ. ഏറ്റവും വലിയ നഷ്ടപ്പെടൽ മനുഷ്യന്റേതാണെന്നും അതുകൊണ്ടുതന്നെ നഷ്ടപ്പെട്ട മനുഷ്യനെ കണ്ടെത്തുമ്പോഴുള്ള ആനന്ദം സ്വർഗതുല്യമാണെന്നും പറഞ്ഞുതരുന്നു. ചുങ്കക്കാരും പാപികളും യേശുവിനെ തേടിവരുന്നതും യേശു അവരോടൊപ്പം മേശ പങ്കിടുന്നതും ഒരു വീണ്ടെടുപ്പിന്റെ പ്രക്രിയയാണെന്ന് കാണിച്ചുതരുന്നതാണ് സന്ദർഭം.

## സാരം

ആടും നാണയവും കഴിഞ്ഞ് ഏറ്റവും വിലപ്പെട്ട മനുഷ്യന്റെ നഷ്ടപ്പെടൽ എങ്ങനെയാണ് സംഭവിക്കുന്നതെന്നും അത് വീണ്ടെടുക്കാൻ എന്തൊക്കെ കടമ്പകളുണ്ടെന്നും എല്ലാം കഴിയുമ്പോൾ അനുഭവിക്കുന്ന കുടുംബസന്തോഷം സ്വർഗാനന്ദത്തിന് തുല്യമാണെന്ന് അവതരിപ്പിക്കുന്നതുമാണ് പ്രമേയം.

## സന്ദേശം

1. ഇളയമകന്റെ നഷ്ടപ്പെടലിന്റെ ആദ്യഘട്ടം സ്വത്ത് സ്വന്തമാക്കാനുള്ള വ്യഗ്രതയാണ്. പിതൃസ്വത്ത് കാലത്തിനുമുമ്പേ സ്വന്തമാക്കുന്നു. അപ്പന്റെ മരണത്തിനുമുമ്പ് വിൽക്കാൻ പാടില്ലാത്ത സ്വത്ത് വിറ്റ് പണമാക്കാനുള്ള അവകാശവും സ്വന്തമാക്കി. ഇത്തരത്തിൽ വീതം മേടിക്കുമ്പോൾ പിന്നീട് ഒരിക്കലും അപ്പന്റെ മുൻപിൽ ഇളയവന് അവകാശമില്ല. സ്വത്ത് കിട്ടിയ ഉടൻ അവനത് ദുർവ്യയം ചെയ്തുജീവിച്ചു, വിദൂരദേശത്തേക്കു പോയി. അപ്പനിൽനിന്നും കുടുംബബന്ധങ്ങളിൽനിന്നുമെല്ലാം വിടുതൽ പ്രാപിച്ചു സ്വയം നഷ്ടപ്പെടുത്തി. മനുഷ്യനെ ധാർമികതയിലും സ്നേഹത്തിലും പിടിച്ചുനിർത്തുന്ന അടിസ്ഥാനഘടകമാണ് കുടുംബം. അതിൽനിന്ന് അകന്നുപോയാൽ നമ്മെ നിയന്ത്രിക്കാനോ തിരുത്താനോ ആരുമുണ്ടാകില്ല. നൂല് പൊട്ടിയ പട്ടംപോലെയാണ് നമ്മുടെ ജീവിതങ്ങൾ. അതുതന്നെയാണ് ഈ മകന് സംഭവിച്ചത്. ദൈവം മനുഷ്യനെ ഒരു കുടുംബസംവിധാനത്തിലാണ് ആക്കിയത്. അതുകൊണ്ടുതന്നെ നമ്മുടെ ബന്ധങ്ങളുടെ കെട്ടുറപ്പ് നഷ്ടപ്പെടാതെ നോക്കാം; നമ്മളും നഷ്ടപ്പെടാതിരിക്കാനായി.

2. നഷ്ടത്തിന്റെ പാരമ്യം സ്വന്തം വ്യക്തിത്വംതന്നെയാണ്. ക്ഷാമം ഉണ്ടാകുന്നത് പ്രകൃതിയുടെ നിനച്ചിരിക്കാത്ത പ്രതിഭാസംമൂലമാണ്. അതിവർഷമോ കഠിനവേനലോ മറ്റു പ്രകൃതിദുരന്തങ്ങളോ മനുഷ്യരുടെ കണക്കുകൂട്ടലുകളിൽ ഒതുങ്ങുന്നതല്ല. അമിതമായി അർമാദിച്ചുജീവിക്കുന്നവർക്ക് എല്ലാത്തിനും ഒരു മറുവശമുണ്ടെന്ന് നാം കാണുന്നുണ്ട്. പണമെത്ര ഉണ്ടായാലും അത് വിവേകത്തോടെ ഉപയോഗിച്ചില്ലെങ്കിൽ നാശത്തിലേക്ക് പതിക്കും. ആ പതനം ഇളയ മകന് തന്റെ കൂട്ടുകാരെ നഷ്ടപ്പെടുത്തി, ജോലികൾ കൈമോ ശംവന്നു. യഹൂദർ ഏറ്റവും വെറുത്തിരുന്ന പന്നികളെ മേയിക്കാനുള്ള പണിപോലും തേടേണ്ടിവന്നു. അവയ്ക്കുള്ള തവിടുപോലും ഭക്ഷിക്കാനാകാതെ തകർച്ചയുടെ താഴെത്തട്ടിൽ എത്തി. എല്ലാംമറന്ന്, എല്ലാവരെയും മറന്ന്, സ്വന്തം വ്യക്തിത്വംപോലും അടിയറവയ്ക്കുന്നവർക്കു വന്നു ഭവിക്കുന്ന അവസ്ഥ ഓർമപ്പെടുത്തുന്നതാണ് ധൂർത്തപുത്രന്റെ ജീവിതം.

3. എത്ര അകന്നാലും തിരിച്ചുവരുന്നവർക്കായി തുറന്നിട്ട വാതിലുകളും വിരിച്ചുപിടിച്ച കൈകളുമായി കാത്തിരിക്കുന്ന ഇടമാണ് യേശുവിന്റെ ദൈവരാജ്യം. ആർക്കും ജീവിതം തിരിച്ചുപിടിക്കാം. എത്ര തകർന്നവനായാലും തകർന്നവളായാലും തിരിച്ചുനടക്കാൻ സാധിച്ചാൽ നഷ്ടമായതൊക്കെ വീണ്ടെടുത്തുതരുന്ന സ്നേഹത്തിന്റെ മൂർത്തഭാവമാണ് ദൈവം. മറുതലിച്ചുനിൽക്കുന്ന മകനോടും തിരിച്ചുവന്ന മകനോടും സ്നേഹത്തിന്റെ ഭാഷയിൽ യാതൊരു പിശുക്കുമില്ല എന്ന് അറിയുക. നമ്മുടെ ഏറ്റവും സുരക്ഷിതവും സമ്പന്നവുമായ കരവലയം നമ്മുടെ ദൈവപിതാവിന്റേതാണെന്ന് അറിയുക. അതുവിട്ട് നാം എവിടെ അലഞ്ഞാലും സംതൃപ്തമാകില്ല നമ്മുടെ ജീവിതം. അതുകൊണ്ട് ആ കരവലയത്തിലൊതുങ്ങാം എപ്പോഴും.

**ഡോ. ജേക്കബ് മുല്ലൂർ**

# പ്രസംഗം

## ഇടറിയവനും ഇടമുണ്ടിവിടെ

തെറ്റുചെയ്തവർക്ക് തിരിച്ചുവരവില്ലാത്ത ഒരുകാലം ചരിത്രത്തിലുണ്ടായിരുന്നു. ഒരുവൻ പാപിയാണ് എന്ന് അറിഞ്ഞുകഴിഞ്ഞാൽ പിന്നെ അവന് ജീവിക്കാൻ അവകാശമില്ലായിരുന്നത്രെ. ഓരോ തെറ്റിനും അതിന്റേതായ ശിക്ഷയുണ്ട്. എല്ലാം കഠിനശിക്ഷകളായിരു ന്നുതാനും. തെറ്റ് ഗുരുതരമാണെങ്കിൽ വധശിക്ഷയാണ്. പാപത്തി ന്റെ ശമ്പളം മരണമാണെന്ന് പറയുമ്പോൾ പൗലോസ്ശ്ലീഹ ഈ പഴയ കാലചിന്തയെ അനുസ്മരിക്കുന്നുണ്ട്. കണ്ണിനുപകരം കണ്ണ്; പല്ലിനു പകരം പല്ല്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ടാൽ കല്ലെറിഞ്ഞു കൊല്ലപ്പെടും. ജനക്കൂട്ടങ്ങളുടെ ആക്രോശങ്ങൾക്ക് നടുവിൽ ബലഹീനരും നിസ്സഹായരുമായ മനുഷ്യർ തുടർച്ചയായി കൊല്ലപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഇടറിപ്പോയവന്റെ യും തെറ്റുധരിക്കപ്പെട്ടവ ന്റെയും പക്ഷംചേരാൻ ആരുമുണ്ടായിരുന്നില്ല. നിരപരാധിയാണെന്ന് ബോധ്യപ്പെട്ടാൽപോലും ജനക്കൂട്ടത്തിനു നടുവിൽനിന്ന് കൈകഴുകി മാറാൻമാത്രമേ വിധികർത്താക്കൾക്കുപോലും നിർവാഹമുണ്ടായിരുന്നുള്ളൂ.

ഈ സംസ്കാരത്തിന്റെ നടുവിലേക്കാണ് പ്രവാചകസങ്കൽപങ്ങളുടെ പൂർണത ചൂടിയ ക്രിസ്തു 'ധൂർത്തപുത്രന്റെ തിരിച്ചുവരവ്' എന്ന കഥ പറഞ്ഞുകൊടുക്കുന്നത്. യഥാർത്ഥത്തിൽ ലോകംകേട്ട സുവിശേഷം ഇതല്ലായിരുന്നോ? പാപികളും ബലഹീനരുമായവർക്ക് തിരിച്ചുവരവിന് സാധ്യതകളുണ്ട്. തെറ്റുപറ്റിയവന്റെ മുൻപിൽ എന്നന്നേക്കുമായി ഒരു വാതിലും അടയ്ക്കപ്പെടുന്നില്ല. പശ്ചാത്താപത്തിലൂടെ കണ്ണീരിൽ സ്നാനംചെയ്തു നിൽക്കുന്നവന്റെ മുൻപിൽ സ്വർഗത്തിലെ വാതിൽ കൂടുതൽ മിഴിവോടെ തുറക്കപ്പെടു മത്രേ. പശ്ചാത്തപിക്കുന്ന പാപിയുടെ മുമ്പിൽ നീതിമാന്റെ അളവുകോലുകൾപോലും ചെറുതായിപോകുമത്രേ. 99 നീതിമാന്മാരെക്കാൾ അനുതപിക്കുന്ന പാപിയെപ്രതി സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകുമത്രേ.

പാപത്തിൽനിന്ന് ശിക്ഷയിലേക്കുള്ള സ്വഭാവികപ്രയാണത്തിനു നടുവിൽ ഇതാ ദൈവം വൻമതിൽ തീർക്കുന്നു. കുറ്റംചെയ്തവരെ ശിക്ഷിച്ചേ അടങ്ങൂ എന്ന മനുഷ്യരാശിയുടെ പ്രാകൃതമായ ആക്രോ

ശങ്ങളുടെ നടുവിലേക്ക് ദൈവം കുമ്പസാരക്കൂട് വലിച്ചിട്ടു. ഇനിമുതൽ പാപിക്ക് തന്റെ തെറ്റിനെക്കുറിച്ച് മനംനുറുങ്ങി കരയാനും പശ്ചാത്തപിക്കാനും തിരിച്ചുവരാനും സാധ്യതയുണ്ടെന്ന് ലോകചരിത്രത്തെ പഠിപ്പിച്ച ഉപമയാണ് ധൂർത്തപുത്രന്റെ ഉപമ.

പാപിയുടെ മാനസാന്തരമാണ് അവന്റെ ശിക്ഷയേക്കാൾ മഹനീയം എന്ന് പഠിപ്പിച്ച ഉപമ, മനുഷ്യന്റെ വീണ്ടെടുപ്പിന് നേരിയ സാധ്യതയെപോലും നാം നഷ്ടപ്പെടുത്തികൂടാ എന്ന് ലോകത്തെ പഠിപ്പിച്ച ഉപമ. അവിടംകൊണ്ടും നിൽക്കുന്നില്ല. മാനസാന്തരപ്പെട്ട് തിരിച്ചുവരുന്നവന് ആദ്യത്തേ തിനേക്കാൾ മഹനീയമായ സ്ഥാനം നൽകുന്നു. ദൈവം അവന്റെ കൈയിൽ മോതിരവും കാലിൽ ചെരുപ്പും അണിയിക്കുന്നു. മിശിഹായുടെ സുവിശേഷപ്രഘോഷണത്തിന്റെ കാതൽ അതായിരുന്നല്ലോ. “മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു.” പശ്ചാത്തപിക്കാനും മാനസാന്തരപ്പെടാനും ആഹ്വാനം ചെയ്യുന്ന ദൈവം ക്ഷമിക്കുന്ന, സ്നേഹനിധിയായ പിതാവാണെന്നും തെറ്റുചെയ്തതിന്റെപേരിൽ പുത്രസ്ഥാനം നഷ്ടപ്പെടില്ലെന്നും പൂർണ അനുതാപത്തിലൂടെ ഏതു പരമപാപിയ്ക്കും മഹാവിശുദ്ധനാകാമെന്നും പഠിപ്പിക്കുന്ന മനുഷ്യരാശി കേട്ട ഏറ്റവും മഹത്തായ ഉപമയാണിത്.

**ഫാ. ജോസഫ് ആലഞ്ചേരിൽ**

# ജൂലൈ 25
# കൈത്താ 3–ാം ഞായർ

## ഭാഷ്യം

ഏശ 5:1-7 | യോഹ 9:1-12,35-38

### ഏശ 5:1-7
### സന്ദർഭം

'മുന്തിരിത്തോട്ടത്തിന്റെ ഗാനം' *(Song of the Vineyard)* എന്നറിയപ്പെടുന്ന ഈ തിരുവചനഭാഗം പ്രതീകങ്ങളാലും ആഴമേറിയ അർത്ഥങ്ങളാലും സമ്പന്നമാണ്. തന്റെ പ്രിയപ്പെട്ട മുന്തിരിത്തോട്ടമായാണ് ഇസ്രായേലിനെ 5 അധ്യായങ്ങളിലും പ്രവാചകൻ അവതരിപ്പിക്കുന്നത്. ദൈവം നട്ടുവളർത്തി പരിപാലിച്ച തന്റെ മുന്തിരിത്തോട്ടം (ഇസ്രായേൽ) രക്തച്ചൊരിച്ചിലിന്റെയും അടിച്ചമർത്തലിന്റെയും ഫലങ്ങളാണ് പുറപ്പെടുവിച്ചത് (5:2,4,7). പ്രവാചകന്റെ ഈ ആരോപണങ്ങൾ നാഥാൻ പ്രവാചകന്റ ഉപമയെയാണ് വായനക്കാരനെ ഓർമപ്പെടുത്തുന്നത് (2 സാമു 12:1-10). മുന്തിരിത്തോട്ടത്തിനെതിരായ തെളിവുകൾ ഹാജരാക്കുകയും അതിനെതിരെയുള്ള ഒരു വിധി ആവശ്യപ്പെടുകയുമാണ് ഏശയ്യാ ചെയ്യുന്നത്. ഈ സാഹചര്യങ്ങൾ ഇസ്രായേലിന്റെ ചരിത്രത്തിലെ സമൃദ്ധിയുടെ കാലഘട്ടത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

### സാരം

ആ കാലഘട്ടത്തിലെ ഇസ്രായേലിന്റെ അവസ്ഥയിലേക്കും അന്നത്തെ യാഥാർത്ഥ്യങ്ങളിലേക്കും വെളിച്ചം വീശുന്നവയാണ് ഏശയ്യായുടെ വാക്കുകൾ. ഭാവിയിൽ വീണ്ടെടുപ്പ് സംഭവിച്ചാൽപോലും, നിലവിലെ തിന്മകളും അനീതികളും അഭിമുഖീകരിക്കുകയും അവയെ പരിഹരിക്കുകയുംവേണം എന്നതാണ് ഏശയ്യാ നൽകുന്ന സന്ദേശം. നാലാം അധ്യായത്തിൽ പറഞ്ഞുവച്ചിട്ടുള്ള (4:26) ഭാവിയെപ്പറ്റിയുള്ള പ്രത്യാശയ്ക്ക് ജനത്തിന്റെ ഇന്നത്തെ തിന്മയെ

മറയ്ക്കാനോ വർത്തമാനകാലഘട്ടത്തിലെ അവസ്ഥകളെ ഉന്മൂലനം ചെയ്യാനോ കഴിയില്ല; അതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഇസ്രായേലിന് ഒഴിഞ്ഞുമാറാനും സാധിക്കില്ല.

## സന്ദേശം

പ്രതീക്ഷകൾക്ക് വിരുദ്ധമായി കാട്ടുമുന്തിരിഫലങ്ങൾ പുറപ്പെടുവിച്ചതിനാൽ, വിജാതീയരാൽ ചവിട്ടിമെതിക്കപ്പെടാൻ തന്റെ മുന്തിരിത്തോട്ടത്തെ ദൈവം വിട്ടുകൊടുക്കും എന്ന പ്രസ്താവന വരാനിരിക്കുന്ന അടിമത്തത്തെ (ബാബിലോൺ വിപ്രവാസം) പറ്റിയുള്ള സൂചനയാണ്. ദൈവം തന്റെ ജനത്തെ വിശിഷ്ടമുന്തിരിത്തോട്ടമായി പരിപാലിച്ചിട്ടും അവർ പുറപ്പെടുവിച്ചത് കാട്ടുമുന്തിരിയുടെ ഫലങ്ങളാണ്. അതിനാൽ തന്റെ സംരക്ഷണം അവരിൽനിന്ന് നീക്കാൻ ദൈവം തീരുമാനിച്ചാൽ, അതിന് ദൈവത്തെ കുറ്റപ്പെടുത്താനാവില്ല എന്നാണ് പ്രവാചകമതം.

ഇസ്രായേലിന്റെ തിരഞ്ഞെടുപ്പ് നീതിയുടെ ഫലങ്ങൾ പുറപ്പെടുവിക്കാനുള്ളതാണ്. നീതിയുടെ ഫലങ്ങൾ അതായത്, നീതിയിലും സത്യത്തിലും സമത്വത്തിലും പടുത്തുയർത്തിയ ജീവിതശൈലി, ഉടമ്പടിസമൂഹമായ ഇസ്രായേലിന്റെ ജീവിതത്തിന്റെ അടിത്തറയാവണം. ദൈവത്തിന്റെ ന്യായവിധി ഇസ്രായേലിന്റെ പാപങ്ങളുടെ പരിണതഫലമാണ്. നീതിനിഷേധവും അനീതിനിറഞ്ഞ ജീവിതശൈലികളും ദൈവത്തിന്റെ ന്യായവിധി ക്ഷണിച്ചുവരുത്തും.

ഈ ഗാനം ദൈവവും ഇസ്രായേലും തമ്മിലുള്ള ഉടമ്പടിബന്ധത്തിൽ വന്ന വിള്ളലിനെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം, എന്നും ദൈവത്തോട് വിശ്വസ്തത പുലർത്തിജീവിക്കാൻ കടപ്പെട്ടവരാണ്. അവിടത്തെ ധിക്കരിച്ചും ഉടമ്പടിയോട് വിശ്വസ്തത പുലർത്താതെയും അവർക്ക് മുന്നോട്ടുപോകാനാവുകയില്ല.

**ഡോ. മാത്യു ഓലിക്കൽ MCBS**

# യോഹ 9:1-12,35-38

## സന്ദർഭം

ജറുസലെം ദൈവാലയത്തിൽ യഹൂദരുടെ കൂടാരത്തിരുന്നാളിനോടനുബന്ധിച്ചുള്ള വെളിച്ചത്തിന്റെ കർമത്തിന്റെ പശ്ചാത്തലം തന്നെയാണ് ഈ സുവിഷേ ഭാഗത്തിനാധാരം. ജന്മനാ അന്ധനായവനെ സുഖപ്പെടുത്തുകയും തുടർന്നുള്ള സംഭാഷണങ്ങളുമാണ് സന്ദർഭം.

## സാരം

ജന്മനാ അന്ധനായ വ്യക്തിക്ക് കാഴ്ച കൊടുക്കുന്നതിലൂടെ താൻ ലോകത്തിന്റെ പ്രകാശമാണെന്ന് ഈശോ വ്യക്തമാക്കുന്നു. ദൈവത്തെ വെളിപ്പെടുത്തിക്കൊടുക്കുകയെന്ന യേശു ദൗത്യം ഇവിടെ ആവർത്തിക്കപ്പെടുന്നത് കാണാം.

## സന്ദേശം

1. ബാഹ്യമായ നേത്രങ്ങൾക്ക് കാഴ്ച കൊടുക്കുന്നതോടൊപ്പം അന്ധന്റെ ആത്മീയ നേത്രങ്ങളും തുറക്കപ്പെടുന്നു. ആത്മീയ കാഴ്ചയുണ്ടെന്ന് കരുതുന്ന പലരും ഇന്ന് അന്ധത ബാധിച്ചവരാണ്. എന്നാൽ യേശുവാകുന്ന പ്രകാശത്തിലേക്ക് അന്ധന്റെ കണ്ണുകൾ തുറക്കപ്പെടുമ്പോൾ അവൻ ഉൾക്കാഴ്ചയുള്ളവനായി.

2. യേശുവിനെ സാവധാനം തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഒരു ശിഷ്യന്റെ പ്രതീകമാണ് സൗഖ്യം സ്വീകരിച്ച ഈ മനുഷ്യൻ. ശിഷ്യത്വത്തിന്റെ പൂർണ്ണതയിലേക്ക്, വിശ്വാസത്തിൽ വളർച്ച പ്രാപിക്കുന്നത് കാണാം. യേശുവിനെ ഏറ്റുപറയുന്നിടത്ത് ആദ്യം യേശുവിനെ സാധാരണ മനുഷ്യനായും (9:11), പ്രവാചകനായും (9:17), ദൈവത്തിൽ നിന്നുള്ള മനുഷ്യനായും (9:33), യേശുവിനെ "മനുഷ്യപുത്രനായും, കർത്താവായും" സ്വീകരിക്കുകയും (9:35-37) ഏറ്റുപറയുകയും ചെയ്യുന്നു. മിശിഹായെക്കുറിച്ചുള്ള അറിവിൽ വളർന്ന് പ്രകാശമായ ഈശോയ്ക്ക് ശക്തമായ സാക്ഷ്യം നൽകുന്ന വ്യക്തിയായി രൂപപ്പെടുന്നു.

3. പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിന്റെ ഭാഗമായാണ് ഈശോ ഈ അദ്ഭുത പ്രവൃത്തി ചെയ്യുന്നത്. പിതാവിന്റെ ഇഷ്ടമാണ് യേശു

വിന്റെ സന്തോഷം, യേശുവിന്റെ ജ്വരം. ദൈവേഷ്ടം എപ്പോഴും അന്വേഷിക്കുകയും അത് പൂർത്തിയാക്കുകയുമാണ് ക്രിസ്തു ശിഷ്യന്റെ ഉത്തരവാദിത്വം.

**ഡോ. ഡേവിസ് പനക്കൽ CMI**

---

# പ്രസംഗം

## പ്രകാശിത മനുഷ്യനാകുക

എന്തുകൊണ്ടാണ് മനുഷ്യജീവിതത്തിൽ സഹനങ്ങൾ ഉണ്ടാകുന്നത്? സഹനത്തിന്റെ കാരണങ്ങളെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ തന്നെ വ്യത്യസ്തമായ ഉത്തരങ്ങൾ നമുക്ക് കാണാൻ സാധിക്കും. വഴിയിലൂടെ കടന്നുപോകുന്ന അന്ധനുനേരെ വിരൽ ചൂണ്ടിക്കൊണ്ട് വലിയൊരു ധാർമികപ്രശ്നം ശിഷ്യന്മാർ ഈശോയ്ക്കുമുൻപിൽ അവതരിപ്പിക്കുകയാണ്. പഴയനിയമ പശ്ചാത്തലത്തിൽനിന്നുകൊണ്ടാണ് ശിഷ്യൻമാർ ഈശോയോട് ചോദ്യം ചോദിക്കുന്നത് (പുറ 20:5). ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്? രണ്ടു സാധ്യതകളിൽ ഒന്നാണ് ഉത്തരമായി ശിഷ്യന്മാർ യേശുവിൽനിന്ന് പ്രതീക്ഷിക്കുന്നത്. 1. ഈ അന്ധന്റെതന്നെ പാപത്തിന്റെ ഫലം. 2. ഇവന്റെ മാതാപിതാക്കളോ പൂർവ്വികരോ പാപം ചെയ്തതിന്റെ അനന്തരഫലം. എന്നാൽ ശിഷ്യന്മാരുടെ പ്രതീക്ഷകൾക്ക് വിരുദ്ധമായി ദൈവത്തിന്റെ പ്രവർത്തികൾ ഇവനിൽ പ്രകടമാകുന്നതിനുവേണ്ടിയാണ് എന്ന ഉത്തരമാണ് യേശു നൽകുന്നത്.

സഹനത്തെ ശിക്ഷയായി മാത്രം മനസ്സിലാക്കിയ ശിഷ്യന്മാരുടെ കാഴ്ചപ്പാടുകളെ മാറ്റിമറിക്കുന്ന ഉത്തരമാണ് ഈശോ നൽകുന്നത്. ആ അന്ധനിൽ ദൈവത്തിന്റെ മഹത്ത്വം പ്രകടമാവുന്നതിനുള്ള അവസരമായാണ് ഈശോ അന്ധതയെ വ്യാഖ്യാനിക്കുന്നത്. നമ്മുടെ ചുറ്റുപാടും നടക്കുന്ന സംഭവവികാസങ്ങളെ നാം എപ്രകാരമാണ് വ്യാഖ്യാനിക്കുന്നത്? മറ്റുള്ളവരുടെ ജീവിതത്തിൽ അപ്രതീക്ഷിതമായി സംഭവിക്കുന്ന അപകടങ്ങളെ, വൈകല്യങ്ങളെ, രോഗങ്ങളെ, അത്യാഹിതങ്ങളെ, പകർച്ചവ്യാധികളെ, മഹാമാരികളെ നാം എപ്രകാരമാണ് വിലയിരുത്തുന്നത്?

നാം തിന്മയെന്ന് വിചാരിക്കുന്ന കാര്യങ്ങളിൽപോലും ദൈവത്തിനു തന്റെ മഹത്ത്വം പ്രകടമാക്കാൻ സാധിക്കും എന്ന് ഈ സുവിശേഷഭാഗം നമ്മെ ഓർമിപ്പിക്കുന്നു. അമേരിക്കയിലെ ടെക്സസ്സിലുള്ള ഓസ്റ്റിനിൽ ഫസ്റ്റ് നാഷണൽ ബാങ്കിലെ ക്യാഷറായിരുന്നു വില്യം സിഡ്നി പോർട്ടർ. ഇടപാടുകാർക്ക് ആവശ്യമായ പണം കൗണ്ടറിൽ നിന്ന് എണ്ണിയെടുക്കാവുന്ന ഒരു സംവിധാനം അവിടെ നിലനിന്നിരുന്നു. പണം എടുക്കുന്നവർ തങ്ങളുടെ പേരും എടുത്ത തുകയും രജിസ്റ്ററിൽ എഴുതി ഒപ്പിടണം എന്നുമാത്രം. ഒരിക്കൽ ആ ബാങ്കിലെ മേലുദ്യോഗസ്ഥർ പരിശോധന നടത്തിയപ്പോൾ 3000 ഡോളറിന്റെ കുറവ് കണ്ടെത്തി. അത് ക്യാഷറായിരുന്ന പോർട്ടറിന്റെ ശ്രദ്ധകുറവു മൂലം സംഭവിച്ചതാണെന്നും അയാളാണ് ഉത്തരവാദിയെന്നും കുറ്റം ചുമത്തി കേസ് രജിസ്റ്റർ ചെയ്തു. പോർട്ടർ ജയിൽശിക്ഷയ്ക്കു വിധേയനായി. അദ്ദേഹത്തിനു തന്റെ നിരപരാധിത്വം തെളിയിക്കാൻ സാധിച്ചില്ല. ജയിലിൽ കിടക്കവേ ആദ്യമൊക്കെ അമർഷവും നിരാശയും തോന്നിയെങ്കിലും ക്രമേണ മനസ്സിനെ ശാന്തമാക്കി. ജയിലിൽ കിട്ടിയിരുന്ന സമയംമുഴുവൻ കഥകൾ എഴുതാൻ ആരംഭിച്ചു. അവയെല്ലാം പ്രസിദ്ധീകരിച്ചു. അനേകർക്ക് ആശ്വാസവും പ്രത്യാശയും പകരുന്നവയായിരുന്നു അവയെല്ലാം. ഒടുവിൽ ജയിൽമോചിതനായി പുറത്തുവന്നപ്പോൾ അദ്ദേഹം രാജ്യം മുഴുവൻ അറിയപ്പെടുന്ന *ഒ. ഹെൻട്രി* എന്ന തൂലികനാമത്തിൽ പ്രസിദ്ധനായ എഴുത്തുകാരനായി മാറിയിരുന്നു. ഇദ്ദേഹത്തെപോലെ ജീവിതത്തിൽ നേരിടേണ്ടി വരുന്ന സഹനങ്ങളും പരാജയങ്ങളും പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും ഏകാന്തതയുമെല്ലാം ദൈവത്തിന്റെ മഹത്ത്വം പ്രകടമാക്കാനുള്ള അവസരങ്ങളാണ് എന്നു നാം മനസ്സിലാക്കണം.

ശിഷ്യന്മാർ അന്ധതയുടെ കാരണം തേടിപോയപ്പോൾ അന്ധതയ്ക്ക് എന്നന്നേക്കുമുള്ള പരിഹാരമാണ് ഈശോ അന്ധന് നിർദേശിക്കുന്നത്. യേശുവിന്റെ നിർദേശമനുസരിച്ച് വിശ്വാസത്തോടെ സിലോഹയിൽ (അയക്കപ്പെട്ടവൻ) പോയി തന്റെ കണ്ണുകൾ കഴുകി തിരിച്ചു വരുന്ന അന്ധൻ കാഴ്ചയുള്ളവനായി മാറുകയാണ്. കാഴ്ച ലഭിക്കുന്നതോടൊപ്പം ആ അന്ധന്റെ ആന്തരികനേത്രങ്ങളും പടിപടിയായി തുറക്കപ്പെടുന്നത് പിന്നീടുവരുന്ന വചനഭാഗങ്ങളിൽ നമുക്ക് കാണാം. യേശു എന്നുപേരായ മനുഷ്യനിൽ ആരംഭിച്ച്, പ്രവാചകൻ, ദൈവത്തിൽനിന്നുള്ളവൻ, മനുഷ്യപുത്രൻ, ഏറ്റവുമൊടുവിൽ അത്

Date of Publication: 13 June 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 30)

കർത്താവാണെന്ന് തിരിച്ചറിഞ്ഞ് അവൻ തന്റെ വിശ്വാസം ഏറ്റുപറയുകയും യേശുവിനെ ആരാധിക്കുകയും ചെയ്യുന്നു.

ക്രിസ്തു നൽകിയ ഈ സൗഖ്യത്തിന്റെ ആന്റിക്ലൈമാക്സ് എന്നുപറയുന്നത്, ജന്മനാ അന്ധനായവനെ ഈശോ സുഖപ്പെടുത്തുമ്പോൾ കാഴ്ചയുണ്ട് എന്ന് വിശ്വസിക്കുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്ന ഫരിസേയർ അന്ധരായി മാറിയിരിക്കുന്നു എന്ന പ്രസ്താവനയാണ്. ചങ്ങമ്പുഴ പരാമർശിക്കുന്ന തുപോലെ:

"മണ്ണുപുരട്ടിക്കൊടുത്ത് കുരുടന്റെ കണ്ണിന്
ജീവനരുളിയ ദിവ്യന് എന്തേ കഴിഞ്ഞില്ല
കണ്ണുപൊട്ടാത്തൊരിയന്ധജനത്തിന് കാഴ്ചയേകാൻ."

ജന്മനാ അന്ധനായവനെ സുഖപ്പെടുത്തിയ യേശുവിന് ഫരിസേയരുടെ ഉൾക്കണ്ണിനു കാഴ്ച നൽകാനായില്ല. "വെളിച്ചം അവരിലേക്ക് വന്നു; എന്നാൽ അവർ കണ്ണുകൾ തുറന്നില്ല. വിശ്വാസമില്ലാത്തവർക്ക് സ്വയം പ്രകാശിക്കാൻ സാഹചര്യങ്ങൾ നൽകപ്പെട്ടിട്ടും അവർ അന്ധകാരത്തിൽ നിലനിന്നു" (വിശുദ്ധ സിറിൽ). ബാഹ്യനേത്രങ്ങൾക്കപ്പുറം ആന്തരിക-ആത്മീയ നേത്രങ്ങൾ തുറന്ന്, അപരന്റെ വേദനയും, സഹജന്റെ നൊമ്പരവും കാണാനും ആശ്വസിപ്പിക്കാനും നമുക്കാവട്ടെ. നമുക്ക് പ്രകാശിതമനുഷ്യരാകാം.

**ഫാ ബിബിൻ മറ്റപറമ്പിൽ**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*